**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3091** **07-10-2025 - ൽ മറുപടിയ്ക്ക്**

**മൂന്നിയൂർ പഞ്ചായത്തിലെ കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയുടെ വലതു കരഭാഗത്തുള്ള മൂന്നിയൂർ പഞ്ചായത്തിലെ 5 കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയുടെ വലതു കരഭാഗത്തുള്ള മൂന്നിയൂർ പഞ്ചായത്തിലെ 5 കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി ഇറിഗേഷൻ സബ്ഡിവിഷൻ പരപ്പനങ്ങാടി കാര്യാലയത്തിൽ നിന്നും 15-03-2025-ന് ടെണ്ടർ ക്ഷണിക്കുകയും, ആയത് 27-03-2025 തീയതിയിൽ തുറക്കുകയും ചെയ്തിരുന്നു. പ്രസ്തുത ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ 03-04-2025 തീയതിയിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും 15-04-2025-ന് തുറക്കുകയും ചെയ്തു. പ്രസ്തുത റീ ടെണ്ടറിലും ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. പ്രസ്തുത കരാറുകാരന്റെ ടെണ്ടർ 20/06/2025-ന് സിംഗിൾ ടെൻഡർ കമ്മിറ്റി യോഗത്തിൽ അംഗീകരിക്കുകയും, 26/06/2025 തീയതിയിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് (LOA) പ്രൈസ് -3 സോഫ്റ്റ്‌വെയർ മുഖേന നൽകിയിട്ടുമുള്ളതാണ്. എന്നാൽ കരാറുകാരൻ ആരോഗ്യപരമായ പ്രശ്നങ്ങൾ നേരിടുന്നതിനാൽ ഇതുവരെ കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികളിൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ മറികടന്ന് പദ്ധതി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കരാറുകാരൻ ആരോഗ്യപരമായ പ്രശ്നങ്ങൾ നേരിടുന്നതിനാലാണ് കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാഞ്ഞതെന്നും എത്രയും പെട്ടെന്ന് കരാറുടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും 03-10-2025 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ